# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കവളങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2013-14 &2014-15


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി7)972/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം ജില്ല

തീയതി 22.06.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കവളങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കവളങ്ങാട് ഗ്രാമപഞ്ചായത്ത് - 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14,

2014-15 സാമ്പത്തികവർഷങ്ങളിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

**3)കാര്യാലയ പകർപ്പ്.**

നം.കെ.എസ്.എ.-ഇകെഎം(പി7)972/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം ജില്ല

തീയതി 22.06.2016

## എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 , 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.08.2014 മുതൽ 31.3.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിയ്ക്കുന്നതല്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.06.2016 മുതൽ 15.06.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രകാശ് കെ. എസ്., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജലജ എം. കെ. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിബു പൗലോസ്, ഓഡിറ്റർ |
| | ശ്രീ പ്രവീൺ വി. എൻ. ,ഓഡിറ്റർ |

**<u>(ബി)നിർവ്വഹണാധികാരികൾ</u>**

| **സ്ഥാനപ്പേര്** | **പേര്** | **കാലയളവ്** | |
|---|---|---|---|
| | | **മുതൽ** | **വരെ** |
| പ്രസിഡന്റ് | ശ്രീ. ടി. കെ. കുഞ്ഞുമോൻ | 1.4.2013 | 31.3.2015 |
| വൈസ് പ്രസിഡന്റ് | ശ്രീമതി. ടോളി പോളി | 1.4.2013 | 31.3.2015 |
| **സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ്** | | | |
| വികസനകാര്യം | ശ്രീ. സിബി മാത്യു | 01.4.2013 | 31.3.2015 |

| | | | |
|---|---|---|---|
| ക്ഷേമകാര്യം | ശ്രീമതി. അന്നക്കുട്ടി ജോസഫ് | 01.4.2013 | 31.3.2015 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. യു. കെ. കാസിം | 01.4.2013 | 31.3.2015 |
| സെക്രട്ടറി | ശ്രീ. എം. സുരേഷ് | 1.4.2013 | 31.6.2013 |
| | ശ്രീ. സി. ഡി. ജോസഫ് | 1.7.2013 | 20.10.2014 |
| | ശ്രീ. ടി. കെ. വർഗീസ്,(കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അഡീഷനൽ ചാർജ്) | 21.10.2014 | 20.11.2014 |
| | ശ്രീ. എം. എം. അന്ത്രു,അസിസ്റ്റന്റ് സെക്രട്ടറി, (ചാർജ്) | 21.11.2014 | 31.3.2015 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെന്നി തോമസ് | 1.4.2013 | 26.5.2013 |
| | ശ്രീമതി. ബീന ജോർജ് | 27.5.2013 | 7.7.2013 |
| | ശ്രീമതി. സാബിറ ബീവി | 8.7.2013 | 31.3.2015 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോർജ് മാത്യു | 1.4.2013 | 31.3.2015 |

| | | | |
|---|---|---|---|
| | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാറാ നന്ദന മാത്യു | 1.4.2013 | 31.3.2015 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലൂസിന മാത്യു | 1.4.2013 | 31.3.2015 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. എൽസി ടോം | 1.4.2013 | 29.9.2014 |
| | ശ്രീമതി. കെ. എച്ച്. ലൈല | 30.9.2014 | 31.3.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നേര്യമംഗലം | ശ്രീ. ഡേവിഡ് കെ. എ. | 1.4.2013 | 31.3.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കവളങ്ങാട് | ശ്രീ. സജി പീറ്റർ | 1.4.2013 | 15.7.2013 |
| | ശ്രീ. ഡേവിഡ് കെ. എ. (അധിക ചുമതല) | 16.7.2013 | 30.9.2013 |
| | ശ്രീ. ഷിജോ തങ്കപ്പൻ | 1.10.2013 | 31.3.2015 |
| ഹെഡ്മിസ്ട്രസ്, ഗവ. യു. പി. എസ്., തലക്കോട് | ശ്രീമതി. വൽസല പി.കെ. | 1.4.2013 | 31.3.2015 |
| വെറ്ററിനറി സർജൻ | ഡോ. ടി. ജി. ഉണ്ണികൃഷ്ണൻ | 1.4.2013 | 31.3.2015 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. കെ. പി. ഷൈലജ | 1.4.2013 | 31.3.2015 |

| | | | |
|---|---|---|---|
| അസി.സെക്രട്ടറി | ശ്രീ. എം. എം. അന്ത്രു | 22.4.2013 | 31.3.2015 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 | |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| 13 | മരാമത്ത് പ്രവൃത്തികൾ | 1-13 | |
| 14 | | | |
| | ഭാഗം - 2 | | |

| | | | |
|---|---|---|---|
| 15 | ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി അടച്ചതിൽ കുറവ് വന്ന 2800 രൂപ ഈടാക്കി | 2-1 | |
| 16 | വസ്തു നികുതി നിർണയത്തിലെ അപാകതകൾ | 2-2 | |
| 17 | സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കാതെ കെട്ടിടനിർമാണം | 2-3 | |
| 18 | ലൈസൻസില്ലാതെ നായ വളർത്തൽ | 2-4 | |
| | **ഭാഗം - 3** | | |
| 19 | റിവോൾവിംഗ് ഫണ്ട് നൽകിയതിലെ അപാകത | 3-1 | |
| 20 | ലൈബ്രറി ബുക്കുകൾ സ്റ്റോക്കിലെടുത്തില്ല | 3-2 | |
| 21 | പത്രപ്പരസ്യം-ബില്ല്, രസീത് ഇല്ല -ചെലവ് തടസപ്പെടുത്തുന്നു | 3-3 | |
| 22 | ഇ. എം. എസ്. ഭവന പദ്ധതി - പണി പൂർത്തീകരിയ്ക്കാത്തവർ | 3-4 | |
| 23 | ആശ്രയ പദ്ധതി | 3-5 | |
| 24 | വിനിയോഗ വിവരം ഇല്ല - ചെലവ് തടസപ്പെടുത്തുന്നു | 3-6 | |
| | | | |
| | **ഭാഗം - 4** | | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

| | | | |
|---|---|---|---|
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2013-14 | അനുബന്ധം.1 | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.2 | |
| 36 | ബാലൻസ് ഷീറ്റ് 2013-14 | അനുബന്ധം.3 | |
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.4 | |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.5 | |
| 39 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.6 | |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.7 | |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.8 | 2 |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14, 2014-15 എന്നീ വർഷങ്ങളിലെ ബജറ്റ് യഥാക്രമം 26/03/2013, 28/02/2014 എന്നീ തിയതികളിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.ഇവ യഥാക്രമം 28.02.2014, 28.03.2015 തിയതികളിൽ പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | 2013-14 | | 2014-15 | |
|---|---|---|---|---|
| | വരവ് (₹) | ചെലവ് (₹) | വരവ് (₹) | ചെലവ് (₹) |
| ബജറ്റ് പ്രകാരം | 14,43,06,000 | 15,55,82,950 | 10,74,43,320 | 11,77,53,351 |
| വാർഷിക കണക്കുകൾ പ്രകാരം | 7,01,59,324<br>48.62 % | 7,35,97,363<br>47.30 % | 8,35,94,467<br>77.80 % | 6,77,58,345<br>57.54 % |
| വ്യത്യാസം | 7,41,46,676 | 8,19,85,587 | 2,38,48,853 | 4,99,95,006 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2013-14 | 31.07.2014 | 16.07.2014 |
| 2014-15 | 31.07.2015 | 8.10.2015 (പുതുക്കിയത്) |

2014-15 ലെ വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കകം തന്നെ ലഭിച്ചിരുന്നെങ്കിലും കണക്കുകളിലെ അപാകതകൾ അറിയിച്ചതിനെത്തുടർന്ന് പുതുക്കിയ ധനകാര്യപത്രിക 08.10 2015 ലാണ് ലഭിച്ചത്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2013-14 | എൽ.എഫ്.ഇ.(പി.ജി) 1811(27) /14 , 5.01.2015 (വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ്) |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി.ജി.)1481(83)/15 തീയതി 05.02.2016 (വിശേഷണങ്ങളോട് കൂടിയ സർട്ടിഫിക്കറ്റ്) |

2014-15 ലെ വാർഷികകണക്കുകളിൽ ഉള്ള അപാകതകൾ താഴെ പറയുന്നു.

i) 2014-15 ലെ വാർഷികകണക്കുകളിൽ ചേർത്തിരിയ്ക്കുന്ന ഡി സി ബി ഇനങ്ങളുൾപ്പെടെയുള്ള വരവുകളുടെ കൃത്യത ഉറപ്പുവരുത്താനുതകുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ii) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ലാത്തതിനാൽ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല

iii) ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ നാളിതുവരെയുള്ള എല്ലാ ആസ്തികളുടെയും മൂല്യം കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല

iv) ഇ എം എസ് ഹൗസിംഗ് ലോണിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വിവരം വാർഷികകണക്കുകളിൽ തെറ്റായിട്ടാണ് ചേർത്തിരിക്കുന്നത്. സാംഖ്യ നിലവിൽ വരുന്നതിന് മുൻപ് 2011-12 ൽ തിരികെ അടച്ചിരുന്ന 17,32,950 രൂപയും 2012-13 ൽ ചെലവഴിക്കാത്ത വായ്പ തുക, വി ഇ ഒ നേരിട്ട് തിരികെ അടച്ച 1,26,098 രൂപയും ഉൾപ്പെടെ 18,59,048 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.അതിനാൽ 2013-14 ലെ മുന്നിരിപ്പ് 1,25,34,100 രൂപയായിട്ടാണ് വാർഷികകണക്കുകളിലുള്ളത്. ഇത് യഥാർത്ഥത്തിൽ 1,06,75,052 രൂപയാണ് വരേണ്ടത്. ഈ വ്യത്യാസം 2014-15 ലെ കണക്കുകളിലും തുടരുന്നു.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 2,45,81,223 | 2,11,43,184 |
| വരവ് | 7,01,59,324 | 8,35,94,467 |
| ആകെ | 9,47,40,547 | 10,47,37,651 |
| ചെലവ് | 7,35,97,363 | 6,77,58,345 |
| നീക്കിയിരിപ്പ് | 2,11,43,184 | 3,69,79,306 |

പഞ്ചായത്തിന് കവളങ്ങാട് സർവീസ് സഹകരണ ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുമുള്ള രണ്ട് എസ്. ബി. അക്കൗണ്ടുകളിലായി തനത് ഫണ്ടിനത്തിൽ 2013-14ൽ 1,05,10,042 രൂപയും 2014-15ൽ 1,32,87,505 രൂപയും നീക്കിയിരിപ്പുണ്ട്. ഇതിന് പുറമെ 2014-15ൽ 47,17,588 രൂപ സ്ഥിര നിക്ഷേപവുമുണ്ട്. അധികമുള്ള പണം ജനക്ഷേമ കരമായ പ്രവർത്തനങ്ങൾക്കോ വരുമാനദായകമായ ആസ്ഥി സൃഷ്ടിക്കുന്നതിനോ ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. അല്ലാത്ത പക്ഷം എസ് ബി അക്കൗണ്ടിലുള്ള അധിക തുക, പലിശ കൂടുതൽ ലഭിക്കുന്ന സ്ഥിര നിക്ഷേപമായി മാറ്റുന്നതി നെക്കുറിച്ച് ആലോചിക്കാവുന്നതാണ്.
ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2013-14 | 2014-15 |
|---|---|---|
| വസ്തു നികുതി | 13,48,116₹ | 28,23,521₹ |
| കെട്ടിട വാടക | - | 11,690 ₹ |

വസ്തു നികുതി കുടിശ്ശിക 2014-15 വർഷത്തിൽ മുൻ വർഷത്തെക്കാൾ ഇരട്ടിയിലധികമാണ്.
പഞ്ചായത്തിന് ലഭിക്കാനുള്ള വസ്തു നികുതി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

**2013-14**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതു വിഭാഗം | 1559802 | 11168000 | 13247802 | 12542526 | 705276 | 94.68 |
| എസ്.സി. പി. | 5776394 | 4167000 | 9943394 | 7875786 | 2067608 | 79.21 |
| ടി.എസ്. പി. | 126750 | 2,11,000 | 337750 | 30500 | 307250 | 9.03 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1091045 | 5753000 | 6844045 | 6325819 | 518226 | 92.43 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1263767 | 3223000 | 4486767 | 2723679 | 1763088 | 60.70 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാംധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1115277 | 5884044 | 6999321 | 6499043 | 500278 | 92.85 |
| പെർഫോമൻസ് ഗ്രാന്റ് | 2734678 | 0 | 2734678 | 2086335 | 648343 | 76.29 |
| എം.ജി.എൻ. ആർ. ഇ.ജി.എസ്.* | 162798 | 8054488 | 8217286 | 8188224 | 29062 | 99.65 |
| ബി ഫണ്ട് | | 12452905 | 12452905 | 12452905 | 0 | |

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 705276 | 12796000 | 13501276 | 9876625 | 3624651 | 73.15 |
| എസ്.സി.പി. | 2067608 | 4715000 | 6782608 | 3461901 | 3320707 | 51.04 |
| ടി.എസ്.പി. | 307250 | 242000 | 549250 | 189050 | 360200 | 34.42 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 518226 | 7362400 | 7880626 | 5552554 | 2328072 | 70.46 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1763088 | 3508000 | 5271088 | 2706359 | 2564729 | 51.34 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 500278 | 8878296 | 9378574 | 6055537 | 3323037 | 64.57 |
| പെർഫോമൻസ് ഗ്രാന്റ് | 648343 | 4123000 | 4771343 | 623272 | 4148071 | 13.06 |
| എം.ജി. എൻ.ആർ. ഇ.ജി.എസ്.* | 29062 | 10976869 | 11005931 | 10935990 | 69941 | 99.36 |
| ബി ഫണ്ട് | | 18187591 | 18187591 | 18187591 | 0 | |

2014-15 വർഷത്തിൽ എല്ലാ ഇനം ഫണ്ടുകളുടെയും ചെലവ് വളരെ കുറവാണ്. പഞ്ചായത്തിനു ലഭിക്കുന്ന മുഴുവൻ തുകകളും അതാതു

വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
*എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ,ബ്ലോക്കിൽ നിന്ന് നേരിട്ട് EFMS മുഖേനയുള്ള ചെലവും, വരവിലും ചെലവിലും ഉൾപ്പെട്ടിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 13-14 | 159 | 58495745 | 136 | 49050132 | 15 | 8 | 86 |
| 14-15 | 175 | 65321950 | 103 | 38741458 | 51 | 21 | 59 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

2013-14സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് തനതു വരുമാനത്തിൽ മുൻവർഷത്തേക്കാൾ നാമമാത്രമായ വർദ്ധനവ് മാത്രമേയുള്ളുവെങ്കിലും 2014-15 സാമ്പത്തിക വർഷത്തിൽ 43.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**<u>2013-14</u>**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,88,955 | 26,91,334 | (+)2379 | (+)0.09 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 4,65,030 | 3,89,614 | (-)75,416 | (-)16.22 |
| മറ്റുവരവുകൾ | 30,40,241 | 31,23,400 | (+)83,159 | (+)2.74 |
| ആകെ | 61,94,226 | 62,04,348 | (+)10,122 | (+)0.16 |

**2014-15**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,91,334 | 54,04,409 | (+)27,13,075 | (+)100.81 |
| നികുതിയേതര വരവുകൾ | 3,89,614 | 13,00,975 | (+)9,11,361 | (+)233.91 |
| മറ്റുവരവുകൾ | 31,23,400 | 22,10,226 | (-)9,13,174 | (-)29.24 |
| ആകെ | 62,04,348 | 89,15,610 | (+)27,11,262 | (+)43.70 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2013-14 | | 2014-15 | |
|---|---|---|---|---|
| | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |

| | | | | |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | 1,69,560 | 259 | 3,74,280 | 208 |
| കർഷകതൊഴിലാളി പെൻഷൻ | 39,83,685 | 778 | 58,67,929 | 776 |
| വിധവാപെൻഷൻ | 52,29,406 | 876 | 68,35,059 | 894 |
| വാർദ്ധക്യകാല പെൻഷൻ | 4,32,840 | 99 | 13,75,680 | 91 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 22,28,402 | 280 | 32,26,953 | 282 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2,53,874 | 45 | 4,17,690 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | 6 | 90,000 | 3 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.06.2016-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8775/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫ്രണ്ടോഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന തപാലുകൾ സെക്ഷനുകളിലേയ്ക്ക് കൈമാറുന്നുണ്ടെങ്കിലും സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. തീർപ്പാക്കുന്ന ഫയലുകൾ തീർപ്പാക്കി മാസാവസാനം സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകൾ മേലധികാരികൾ പരിശോധിക്കുന്നില്ല. ആസ്തിരജിസ്റ്റർ കാലികമല്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ്/എൻ.ഒ.സി നൽകുന്ന വിവരം മാത്രമേ ചേർക്കുന്നുള്ളൂ. തുടർന്നുള്ള വിവരങ്ങൾ ചേർക്കുന്നില്ല. തനത് ഫണ്ടിന്റെ സഹകരണ ബാങ്ക് അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ അക്കൗണ്ടിന്റെ റിക്കൺസിലിയേഷനും ലഭ്യമായില്ല.

2013-14ൽ മരാമത്ത് പ്രവൃത്തികൾ കൂടുതലും കരാറുകാരാണ് ചെയ്തിട്ടുള്ളത്.ടെണ്ടറുകളിൽ മികച്ച മൽസരമുണ്ടായിരുന്നതിനാൽ മിക്ക പ്രവൃത്തികളും 15% മുതൽ 20% വരെ കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. എന്നാൽ 2014-15 വർഷത്തിൽ മിക്ക പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് ചെയ്തിട്ടുള്ളത്. കരാറുകാരും, കൺവീനർമാരും വാങ്ങിയ ബിറ്റുമിന്റെ ബില്ലുകൾ പ്രവൃത്തികളുടെ ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിയ്ക്കപ്പെടുകയാണ്. ഇത് പഞ്ചായത്തിന് ലഭ്യമാകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|---|
| വർഷം | പട്ടികജാതി | പട്ടികവർഗ്ഗം | മറ്റുള്ളവർ | ആകെ | | | പട്ടികജാതി | പട്ടികവർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 2013-14 | 497 | 44 | 2940 | 3481 | 2256 | 2008 | 10777 | 830 | 46924 | 58531 | 10 |
| 2014-15 | 532 | 54 | 3012 | 3598 | 1863 | 1669 | 5281 | 399 | 19356 | 25036 | 1 |

| വർഷം | 2013-14 | 2014-15 |
|---|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 398 | 402 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 146 | 198 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2015 മുതൽ 17.12.2015 വരെ | 1.11.2015 മുതൽ 30.11.2015 വരെ | 05.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 മുതൽ 28.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 20.03.2014 |

## 1-13 മരാമത്ത് പ്രവൃത്തികൾ

2013-14ൽ മരാമത്ത് പ്രവൃത്തികൾ കൂടുതലും കരാറുകാരാണ് ചെയ്തിട്ടുള്ളത്. ടെണ്ടറുകളിൽ മികച്ച മൽസരമുണ്ടായിരുന്നതിനാൽ നിരവധി പ്രവൃത്തികളിലും 15% മുതൽ 20% വരെ കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. എന്നാൽ 2014-15 വർഷത്തിൽ മിക്ക പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് ചെയ്തിട്ടുള്ളത്. കരാറുകാരും, കൺവീനർമാരും വാങ്ങിയ ബിറ്റുമിന്റെ ബില്ലുകൾ പ്രവൃത്തികളുടെ ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഇ -ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുകയാണ്. ഇത് പഞ്ചായത്തിന് ലഭ്യമാകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കോതമംഗലം എസ് ബി ടി യിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 67180312890 നമ്പരിൽ ഒരു എസ് ബി അക്കൗണ്ട് 16.04.2012 മുതൽ ആരംഭിച്ചിട്ടുണ്ട്. ബാങ്കിംഗ് ട്രഷറി ഇല്ലാത്ത സ്ഥലങ്ങളിൽ ഡി. ഡി. നൽകുന്നതിലേയ്ക്ക് മാത്രമായി നിർവഹണോദ്യോഗസ്ഥർക്ക് അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ കോതമംഗലത്ത് ബാങ്കിംഗ് ട്രഷറിയുള്ളതിനാൽ ഇപ്രകാരം അക്കൗണ്ട് ആവശ്യമില്ല. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ അലോട്ട്മെന്റ് തുകകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലാണ് ലഭിയ്ക്കുന്നതെന്നതിനാൽ കരാറുകാർക്ക് തുക നൽകുന്നതിനാണ് അക്കൗണ്ട് തുടങ്ങിയതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചത്. 08/01/2014ലെ സർക്കാർ ഉത്തരവ് (സാധാരണം) 83/2014/ തസ്വഭവ പ്രകാരം, ഇ-പെയ്മെന്റ് വഴി വാറ്റ് ഒടുക്കുന്നതിലേയ്ക്ക് മാത്രമായി അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഈ അക്കൗണ്ടിൽ വാറ്റ് വിഹിതം മാത്രമല്ല കൈകാര്യം ചെയ്യുന്നത്. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ അലോട്ട്മെന്റ് തുകകളും പാർട്ട് ബില്ലുകളിൽ നിന്നുള്ള റിടെൻഷൻ തുകകളും നിക്ഷേപിയ്ക്കുകയും കരാറുകാർക്ക് തുക നൽകുകയും ചെയ്യുന്നുണ്ട്. 25.04.16ൽ ഈ അക്കൗണ്ടിൽ 1,27,036/- രൂപ നീക്കിയിരുപ്പുണ്ട്.

# <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി അടച്ചതിൽ കുറവ് വന്ന 2800 രൂപ ഈടാക്കി

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം ദിവസം തൊഴിൽ ചെയ്യുന്നവർ വരുമാനമനുസരിച്ച് നിശ്ചിത തുക തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്. 2013-14,2014-15 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിൽ 2800 രൂപ കുറവ് വന്നിരുന്നു.കുറവ് വന്ന തുക,ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് താഴെ പറയും പ്രകാരം തിരികെ അടച്ചിട്ടുണ്ട്.

i)2013-14

| അസസ്മെന്റ് വർഷം | പേര്/സ്ഥാപനം | കുറവ് ₹ | കുറവ് വന്ന തുക അടവാക്കിയ വിവരം (രസീത് നം.,തിയതി) |
|---|---|---|---|
| 1.04.13 – 31.09.13 | ശ്രീമതി ലൈസ വി. പി., ഗവ.യു.പി.എസ്., നേര്യമംഗലം | 150 | 11603100814 15.06.2016 |
| ,, ,, | ശ്രീമതി.ആനി ബാബു, | 250 | 11603100824 15.06.2016 |

| | | | |
|---|---|---|---|
| | എസ് ബി ഐ, നേര്യമംഗലം | | |
| 1.10.13 – 31.03.14 | രതീഷ് എം ആർ, ജില്ലാകൃഷിത്തോട്ടം, നേര്യമംഗലം | 250 | 11603100825 15.06.2016 |
| ,, ,, | സുനോജ്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 250 | 11603100826 15.06.2016 |
| ,, ,, | മനോജ് കുമാർ,കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | 250 | 11603100795 14.06.2016 |
| 2014-15 | | | |
| 1.04.14 – 31.09.14 | മനോജ് കുമാർ,കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | 250 | 11603100795 14.06.2016 |
| ,, ,, | ശശി ടി കെ, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 150 | 11603100827 15.06.2016 |

ii) സ്ഥാപന തൊഴിൽ നികുതി

| അസസ്മെന്റ് വർഷം | ഈടാക്കേണ്ട തുക ₹ | കുറവ് വന്ന തുക അടവാക്കിയ വിവരം |
|---|---|---|

| | | |
|---|---|---|
| | | (രസീത് നം.,തിയതി) |
| 2014-15 രണ്ടാം അർദ്ധ വർഷം | 1250 | 11603100823 15.06.2016 |

iii) എസ് ബി ഐ നെല്ലിമറ്റം ശാഖയിലെ 2014-15 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടച്ചതിൽ ശ്രീ രാജഗോപാൽ എം കെ, ശ്രീ ലാലൻ കെ എസ് എന്നിവരുടെ തൊഴിൽ നികുതി, ഇവർ വിമുക്ത ഭടൻമാരാണെന്ന കാരണത്താൽ അടച്ചിട്ടില്ല. വിമുക്ത ഭടൻമാരെ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവുകൾ നിലവിലില്ല. ഇവരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ വസ്തു നികുതി നിർണയത്തിൽ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ കാണിച്ചിട്ടുള്ള അളവിലും കുറഞ്ഞ അളവ് കണക്കിലെടുത്തത് മൂലം അസസ്മെന്റിൽ കുറവ് വന്നിട്ടുണ്ട്. ഇവയുടെ വിവരം താഴെ കൊടുക്കുന്നു.

1) 2013-14 വർഷത്തിൽ വാർഡ് XV ൽ ശ്രീ ജോണി തോമസ്,മലയിലിന്റെ 424 E-K കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ ആകെ തറ വിസ്തീർണം 106.48 ച.മീറ്ററാണ്. എന്നാൽ വസ്തു നികുതി നിർണയ രജിസ്റ്ററിൽ തറവിസ്തീർണം 66.27 ച.മീറ്ററാണ് രേഖപ്പെടുത്തിയിരിക്കുന്നത്.(അസസ്മെന്റ് തിയതി 23.08.2013) തറ വിസ്തീർണത്തിൽ 40.21 ച.മീറ്റർ കുറവ് വന്നത് മൂലം നികുതി നിർണയത്തിൽ 1515 രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് അടുത്ത വർഷങ്ങളിലും തുടരുന്നു.

2) 2014-15 വർഷത്തിൽ വാർഡ് 1 ൽ ശ്രീ ബാബു എം.ഇ യുടെ 468 A-G കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം തറവിസ്തീർണം 155.81 ച.മീറ്ററാണ്. എന്നാൽ വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരം തറവിസ്തീർണം 111.11 ച.മീറ്ററാണ് രേഖപ്പെടുത്തിയിരിക്കുന്നത്.(അസസ്മെന്റ് തിയതി 05.02.2015)തറ വിസ്തീർണത്തിൽ 44.7 ച.മീറ്റർ കുറവ് വന്നത് മൂലം നികുതി നിർണയത്തിൽ 1689/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് അടുത്ത വർഷങ്ങളിലും തുടരുന്നു.

3)2013-14 വർഷത്തിൽ വാർഡ് XV 65 A ൽ ശ്രീ നവാസ് മീരാന്റെ ഈസ്റ്റേൺ പ്രൈവറ്റ് ലിമിറ്റഡ്, കവളങ്ങാട് എന്ന സ്ഥാപനത്തിന്റെ ഭൂനിരപ്പിന് താഴെയും ഭൂനിരപ്പിലുമായുള്ള രണ്ട് നില കെട്ടിടത്തിന്റെ വസ്തു നികുതി നിർണയത്തിൽ ഭൂനിരപ്പിലുള്ള നിലയ്ക്ക് 5% ഇളവ് അനുവദിച്ചതിലൂടെ 1858/- രൂപ അസസ്മെന്റിൽ കുറവ് വന്നിട്ടുണ്ട്.(അസസ്മെന്റ് തിയതി 10.12.2013). ഈ കുറവ് അടുത്ത വർഷങ്ങളിലും തുടരുന്നു.

മേൽപ്രകാരം അസസ്മെന്റിൽ സംഭവിച്ച കുറവ് പരിഹരിച്ച് രജിസ്റ്ററിൽ മാറ്റം വരുത്തുകയും നാളിതുവരെയുണ്ടായ നഷ്ടം ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 2-3 സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കാതെ കെട്ടിടനിർമാണം

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന മാർ ബസേലിയോസ് എജ്യൂക്കേഷനൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള കോളേജിന്റെ (MBITS) നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് പുറമെ പുതുതായി കോളേജ് ബ്ലോക്ക് ,വർക് ഷോപ്പ്,ജന്റ്സ് ഹോസ്റ്റൽ,ലേഡീസ് ഹോസ്റ്റൽ എന്നിവയ്ക്കായി 26758.2 ച.മീറ്റർ കെട്ടിടം നിർമിയ്ക്കുന്നതിന് മാനേജ്മെന്റ് 15.06.2009 ൽ പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുത്തിരുന്നു. കെട്ടിടങ്ങളുടെ ലേഔട്ടിന്, നിബന്ധനകൾക്ക് വിധേയമായി, ചീഫ് ടൗൺ പ്ലാനർ 18.03.2009 ൽ അനുമതി നൽകിയിട്ടുള്ളതാണ്. പെർമിറ്റിന്റെ കാലാവധി 3 വർഷമാണ്. എന്നാൽ നാളിതുവരെ പെർമിറ്റ് പുതുക്കിയിട്ടില്ല. പെർമിറ്റ് പുതുക്കാതെ കെട്ടിടനിർമാണം നടത്തുന്നത് പഞ്ചായത്ത് തടഞ്ഞിട്ടുമില്ല. കെട്ടിടം പണി പൂർത്തിയാക്കി കോളേജ് പൂർണതോതിൽ പ്രവർത്തിച്ച് വരുകയാണെന്ന് കോളേജിന്റെ വെബ് സൈറ്റിൽ നിന്ന് വ്യക്തമാകുന്നു. തുടർന്ന് 11.04.2016 ൽ റഗുലറൈസേഷന് വേണ്ടി മാനേജ്മെന്റ് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.04.2016ലെ പരിശോധനാ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് ഫയർ എൻ. ഒ. സി.,പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എൻ. ഒ.സി.,ലിഫ്റ്റ് സൗകര്യം എന്നിവ ഇല്ല. സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കാതെയും പഞ്ചായത്തിൽ നിന്ന് കെട്ടിടനമ്പർ ലഭിയ്ക്കാതെയും കോളേജ് പ്രവർത്തിയ്ക്കുന്നത് ഗുരുതരമായ നിയമലംഘനമാണെന്ന് മാത്രമല്ല,പഞ്ചായത്തിന് വരുമാന നഷ്ടവുമാണ്. അധികാരികളുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് നിർദ്ദേശിയ്ക്കുന്നു.

## 2-4 ലൈസൻസില്ലാതെ നായ വളർത്തൽ

പഞ്ചായത്തിൽ 2013-14,2014-15 വർഷങ്ങളിൽ പേവിഷബാധയ്ക്കെതിരെ 500 ലധികം നായ്ക്കൾക്ക് വീതം കുത്തിവയ്പ്പ് എടുത്തിട്ടുണ്ട്. രണ്ട് വർഷങ്ങളിലുമായി 20,000/-രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നായ ലൈസൻസ് ഫീസിനത്തിൽ വരവുകളൊന്നുമില്ല. പഞ്ചായത്തിന് വരുമാനമെന്നതിലുപരി തെരുവുനായ്ക്കളെ നിയന്ത്രിയ്ക്കുന്നതിനും മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും നായകൾക്ക് ലൈസൻസ് എടുക്കുവാൻ ഉടമസ്ഥർക്ക് നിർദേശം നൽകേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റിവോൾവിംഗ് ഫണ്ട് നൽകിയതിലെ അപാകത

i) പ്രോജക്ട് നം.എസ്.0028/15 പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് (ജനറൽ) വായ്പാധിഷ്ഠിത വ്യവസായങ്ങൾക്കായി 10,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. 14ാം വാർഡിലെ തക്ഷശില എസ് ടി കുടുംബശ്രീ യൂണിറ്റിനും ഇപ്രകാരം 10,000/- രൂപ 31.10.2014 ലെ ഡി. ഡി. നം. 806900 മുഖേന കവളങ്ങാട് വി. ഇ. ഒ., ഊന്നുകൽ ഫെഡറൽ ബാങ്കിലേയ്ക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇതേ വർഷം തന്നെ 132/15ാം നമ്പർ പ്രോജക്ട് പ്രകാരം എസ് ടി കുടുംബശ്രീ യൂണിറ്റുകൾക്കുള്ള ധനസഹായ പ്രകാരം 25,000/- രൂപയും ഈ യൂണിറ്റിന് നേര്യമംഗലം വി ഇ ഒ നൽകിയിട്ടുണ്ട്. ആദ്യം ധനസഹായം നൽകിയ വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതിരുന്നതിനാലും ധനസഹായം ലഭിച്ച വിവരം യൂണിറ്റ് മറച്ചു വച്ചതിനാലുമാണ് രണ്ട് തവണ സബ്സിഡി നൽകുവാനിടയായത്. ബാങ്കിൽ അന്വേഷിച്ചപ്പോൾ ആദ്യം ലഭിച്ച 10,000/- രൂപ വിനിയോഗിച്ചിട്ടില്ലെന്നും രണ്ടാമത് ലഭിച്ച സബ്സിഡി വിനിയോഗിച്ച് 50,000/- രൂപ ലോൺ സ്വീകരിച്ച് പ്രവർത്തനം നടത്തുന്നതായും അറിയിച്ചു. രണ്ടാമത് ലഭിച്ച സബ്സിഡി വിനിയോഗിച്ച സ്ഥിതിയ്ക്ക് അധികമായി കൈപ്പറ്റിയ 10,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.
ii) പ്രോജക്ട് നം.എസ്.0028/15 പ്രകാരം 10 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് (ബാക്ക് എൻഡ് സബ്സിഡി) നൽകിയതിൽ മേൽ പറഞ്ഞ തക്ഷശില കുടുംബശ്രീ യൂണിറ്റിന് പുറമെ ഒന്നാം വാർഡിലെ നീലിമ കുടുംബശ്രീ യൂണിറ്റ്,17ാം വാർഡിലെ ശാന്തി കുടുംബശ്രീ യൂണിറ്റ് എന്നിവർക്ക് വേണ്ടി നെല്ലിമറ്റം എസ്.ബി.ഐ. യിൽ നൽകിയ 20,000/- രൂപയും (ഡി ഡി നം.806902/31.10.2014)വിനിയോഗിച്ചിട്ടില്ല. വിനിയോഗിയ്ക്കാത്ത തുകകൾ പലിശ സഹിതം തിരികെ ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ലൈബ്രറി ബുക്കുകൾ സ്റ്റോക്കിലെടുത്തില്ല

2014-15 ൽ തലക്കോട് ഗവ.യു പി സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ ലൈബ്രറി പുസ്തകം വാങ്ങൽ എന്ന പ്രോജക്ട് (S110/15) പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്ന് 1,00,000 രൂപ ചെലവഴിച്ച് 1209 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. (കമ്മീഷൻ തുകയുള്ള പുസ്തകങ്ങൾ കൂടി ഉൾപ്പെടെ ആകെ 1,42,861 രൂപയുള്ള പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്). പഞ്ചായത്ത് ലൈബ്രറിയ്ക്ക് വേണ്ടിയാണ് പുസ്തകങ്ങൾ വാങ്ങിയത്. സെക്രട്ടറി നിർവ്വഹണം നടത്തേണ്ട ഈ പ്രോജക്ട്, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതാണെന്ന കാരണത്താലാണ് ഹെഡ്മിസ്ട്രസിനെ ഏൽപിച്ചത്. എന്നാൽ വാങ്ങിയ പുസ്തകങ്ങൾ നാളിതുവരെ സെക്രട്ടറി ഏറ്റു വാങ്ങിയിട്ടില്ല.തൻമൂലം ഇവ സ്റ്റോക്കിലും ഉൾപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ പഞ്ചായത്തിൽ ലൈബ്രറി പ്രവർത്തിയ്ക്കുന്നില്ല. പാർട്ട് ടൈം ലൈബ്രേറിയന്റെ തസ്തിക പഞ്ചായത്തിൽ ഉണ്ടായിരുന്നതായി സെക്രട്ടറി അറിയിച്ചെങ്കിലും വർഷങ്ങളായി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. വാങ്ങിയ പുസ്തകങ്ങളെല്ലാം പഞ്ചായത്തോഫീസിന്റെ മുകൾ നിലയിലെ ഒരു മുറിയിൽ കണക്കില്ലാതെ സൂക്ഷിച്ചിരിയ്ക്കുകയാണ്. പഞ്ചായത്ത് ലൈബ്രറിയ്ക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങൾ ഹെഡ്മിസ്ട്രസിൽ നിന്നും ഏറ്റു വാങ്ങാതിരുന്ന സെക്രട്ടറിയുടെ നടപടി നിരുത്തരവാദപരമാണ്. ഹെഡ്മിസ്ട്രസിന്റെ നിയന്ത്രണ ത്തിലല്ലാത്ത സ്ഥലത്ത് സൂക്ഷിച്ചിരിയ്ക്കുന്ന പുസ്തകങ്ങൾ നഷ്ടപ്പെട്ടാൽ ഹെഡ്മിസ്ട്രസിന് ബാദ്ധ്യത വരുന്നതാണ്. വാങ്ങിയ പുസ്തകങ്ങൾ എത്രയും വേഗം സെക്രട്ടറി ഏറ്റുവാങ്ങി സ്റ്റോക്കിലെടുത്ത്, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥലത്ത് ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-3 പത്രപ്പരസ്യം-ബില്ല്,രസീത് ഇല്ല -ചെലവ് തടസപ്പെടുത്തുന്നു

വൗച്ചർ നം. 40 , 3/2014 തീയതി .10-03-2014 പ്രകാരം 8400/- രൂപ, ( ഡി.ഡി.നം. 745926/13.03.2014) പത്രപ്പരസ്യം നല്കിയ വകയിൽ മംഗളം പബ്ലിക്കേഷൻസിന് നൽകിയിട്ടുണ്ട്. എന്നാൽ പത്രസ്ഥാപനത്തിന്റെ ബില്ല്,കൈപ്പറ്റ് രസീത് എന്നിവയും പരസ്യം പ്രസിദ്ധീകരിച്ച പത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ 8400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഇ എം എസ് ഭവന പദ്ധതി - പണി പൂർത്തീകരിയ്ക്കാത്തവർ

ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം 2011 ൽ ഭവന നിർമാണം ആരംഭിച്ചവരിൽ ഏതാനും പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. 2013-14 ൽ "ഇ. എം. എസ്. ഭവന പദ്ധതിയുടെ ബാക്കി തുക നൽകൽ എന്ന പ്രോജക്ട് പ്രകാരം, (പ്രോജക്ട് നം.110/14) 30,000/- രൂപ കൂടി ചെലവഴിച്ചെങ്കിലും താഴെ പറയുന്ന 12 പേർ ഇനിയും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1.ലത വിജയൻ,കാഞ്ഞിരത്തുകുടി
2.എം.ടി. ജോണി,മറ്റം മാലിൽ
3.പൈലി ഔസേഫ്,കാരക്കാട്ട് കുന്നേൽ
4.സിബി കല്ലിങ്കൽ
5.ബിജു എ.ബി,ആട്ടുകുഴിയിൽ
6.വിൻസന്റ് ദേവസ്യ,കല്ലുവാതുക്കൽ
7.പി.സി.മത്തായി,പുത്തുത്തറ
8.സൽജോ വർഗീസ്,ആലയ്ക്കൽ
9.സാറാമ്മ പീറ്റർ,പുത്തൻപുരയ്ക്കൽ
10.കെ.ഡി.ജോയി,കല്ലിങ്ക
11.ആനീസ് ജോസഫ്,വേങ്ങച്ചുവട്ടിൽ
12.മറിയാമ്മ വർക്കി,കന്യാകുഴിയിൽ

17.02.2011 ലെ സർക്കാർ ഉത്തരവ് 497/2011/ത.സ്വ ഭ വ പ്രകാരം മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവനപദ്ധതികളിലെ നിർമാണം പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണത്തിന് വികസന ഫണ്ടിൽ നിന്ന് ധനസഹായം നൽകാമെന്നതിനാൽ മേൽപറഞ്ഞ 12 പേരുടെയും ഭവന പൂർത്തീകരണത്തിന് പ്രോജക്ട് തയാറാക്കി ഭവന നിർമാണം പൂർത്തീകരിയ്ക്കാൻ വേണ്ട നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയിൽപെട്ട അഗതികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി 31.12.2009 ൽ ചലഞ്ച് ഫണ്ടായി 15,00,000/- രൂപ ലഭിച്ചിരുന്നു. എന്നാൽ ഈ തുകയിൽ വളരെ കുറച്ച് മാത്രമേ ചെലവഴിച്ചിട്ടുള്ളു. 31.03.2015 ൽ 11,34,470 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. അഗതികൾക്ക് ഭക്ഷണ കിറ്റുകൾ നൽകുന്നതിനാണ് മുഖ്യമായും തുക ചെലവഴി ച്ചിരിയ്ക്കുന്നത്. അർഹരായ അഗതികൾക്ക് ആവശ്യമായ ചികിൽസാ സഹായം, മാനദണ്ഡങ്ങൾ പാലിച്ച് നൽകാവുന്നതാണ്. ലഭ്യമായ തുക അഗതികളുടെ ഉന്നമനത്തിനായി ചെലവഴിയ്ക്കേണ്ടതാണ്.

## 3-6 വിനിയോഗ വിവരമില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ വിവരമില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| **2013-14** | | | | |
| കേരള വാട്ടർ അതോറിറ്റി | നേര്യമംഗലം ശ്മശാനത്തിൽ വാട്ടർ കണക്ഷൻ | 744214/ 24.02.14 | 17,300 | വിനിയോഗ വിവരമില്ല |
| കെഎസ്.ഇ.ബി | അങ്കണവാടി കൾക്ക് വൈദ്യുതി കണക്ക്ഷൻ | 611029/ 22.01.14<br>611030/ 22.01.14 | 9200<br>16,300 | വിനിയോഗ വിവരമില്ല |

| | | | | |
|---|---|---|---|---|
| കെഎസ്.ഇ.ബി | 17ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.26/14, 17.03.14 | 1,25,735 | വിനിയോഗ വിവരമില്ല |
| **ആകെ** | | | **168535** | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| **2013-14** | | | | | |
| ജില്ലാ പഞ്ചായത്ത് | 2013-14 | 80,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (007/14) | 80,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2013- | 1,20,000 | ശാരീരിക മാനസിക | 1,20,000 | - |

| | | | | | |
|---|---|---|---|---|---|
| | 14 | | വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (007/14) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 2,00,000 | 10ാം വാർഡിൽ RSP കുന്ന് റോഡ് കോൺക്രീറ്റിംഗ് | 2,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2013-14 | 10,00,000 | ആറാം മൈൽ വില്ലംചിറ കുരിശ് കമ്പി ലൈൻ റോഡ് പുനരുദ്ധാരണം | 10,00,000 | - |
| **2014-15** | | | | | |
| ജില്ലാ പഞ്ചായത്ത് | 2014-15 | 2,50,000 | 18ാം വാർഡിൽ മാരമംഗലം അങ്കണവാടി പുനരുദ്ധാരണം | 2,50,000 | - |
| ജില്ലാ പഞ്ചായത്ത് | 2014-15 | 4,00,000 | നെല്ലിമറ്റം കോളനിപ്പടി അങ്കണവാടി പുനരുദ്ധാരണം | - | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 2,95,000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 2,95,000 | - |
| ജില്ലാ പഞ്ചായത്ത് | 2014-15 | 1,00,000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (010/15) | - | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 1,00,000 | ശാരീരികമാനസിക വെല്ലുവിളികൾ | 1,00,000 | - |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വരക്ക് സ്കോളർഷിപ്പ് (010/15) | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| **2013-14** | | | | | |
| കേരള വാട്ടർ അതോറിറ്റി | നേര്യമംഗലം ശ്മശാനത്തിൽ വാട്ടർ കണക്ഷൻ | 744214/ 24.02.14 | 17,300 | വിനി യോഗ വിവര മില്ല | 17,300 |
| കെഎസ്.ഇ.ബി | അങ്കണവാടികൾക്ക് വൈദ്യുതി കണക്ക്ഷൻ | 611029/ 22.01.14<br>611030/ 22.01.14 | 9200<br>16,300 | വിനി യോഗ വിവര മില്ല | 25,500 |
| കെഎസ്.ഇ.ബി | 17ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.26/14, 17.03.14 | 1,25,735 | വിനി യോഗ വിവര മില്ല | 1,25,735 |
| **2014-15 ഇല്ല** | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക്, മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇ എം എസ് ഹൗസിംഗ് ലോണിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വിവരം വാർഷികകണക്കുകളിൽ തെറ്റായിട്ടാണ് ചേർത്തിരിക്കുന്നത്. സാംഖ്യ നിലവിൽ വരുന്നതിന് മുൻപ് 2011-12 ൽ തിരികെ അടച്ചിരുന്ന 17,32,950 രൂപയും 2012-13 ൽ ചെലവഴിക്കാത്ത വായ്പ തുക, വി ഇ ഒ നേരിട്ട് തിരികെ അടച്ച 1,26,098 രൂപയും ഉൾപ്പെടെ 18,59,048 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ 2013-14 ലെ മുന്നിരിപ്പ് 1,25,34,100 രൂപയായിട്ടാണ് വാർഷിക കണക്കുക ളിലുള്ളത്. ഇത് യഥാർത്ഥത്തിൽ 1,06,75,052 രൂപയാണ് വരേണ്ടത്. കവളങ്ങാട് സർവീസ് സഹകരണ ബാങ്കിലെയും പഞ്ചായത്തിലെ രജിസ്റ്ററിലെയും വിവരങ്ങൾ പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ച ടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷം | മുന്നിരിപ്പ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ നം. ജി.ഒ (ആർ.ടി) 564/10/ തസ്വഭവ തീ. 22.2.2010 | 16000000 | 2013-14 | 10675052 | 1732950 | 941711 | 8942102 |
| | | | 2014-15 | 8942102 | 1828069 | 536927 | 7114033 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിന് കവളങ്ങാട് സർവീസ് സഹകരണ ബാങ്കിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | 2013-14 | 2014-15 |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 35,28,356 | 35,28,356 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ മാത്രം) | - | 11,89,232 |
| ആകെ | 35,28,356 | 47,17,588 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 35,28,356 | 47,17,588 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| രസീത് നം. 0101021490 കവളങ്ങാട് സർവീസ് സഹകരണ ബാങ്ക് | 33,80,538 |
| രസീത് നം. 0101022179 കവളങ്ങാട് സർവീസ് സഹകരണ ബാങ്ക് | 13,37,050 |
| ആകെ | 47,17,588 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2013-14 | | | | |
| 2007-08 | 3-1 | 145 | ശ്രീമതി കെ ജെ ലീലാമ്മ, സെക്രട്ടറി | 22-11-2013 |
| ,, ,, | 3-8 | 1855 | ശ്രീമതി കെ ജെ ലീലാമ്മ, സെക്രട്ടറി | |
| | ആകെ | 2000 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കവളങ്ങാട് പഞ്ചായത്തിനെ സംബന്ധിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 to 2000-01 | 40 | 2005-06 | ll 7(41)(i) | റോഡ് പണിയിൽ ലഭിച്ച മണ്ണ്,പാറ എന്നിവയുടെ വിനിയോഗ വിവരമില്ലാത്തതിനാൽ ചെലവ് നിരാകരിച്ചത് | സമിതി തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-11 | 2006-07 | III 39.4(7) | വൈദ്യുതി ലൈൻ നീട്ടൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(8) | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 49.1 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ജലസേചന കിണറിന് സബ്സിഡി നൽകി | സമിതി തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| വർഷം | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70159324 | 83594467 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73597363 | 67758345 |
| വരവിനങ്ങളിലുള്ള നഷ്ടം | 3373 | 5062 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 176935 | 20000 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| വർഷം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| | | |

| | 2013-14 | | 2014-15 | | ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1515 | - | 1515 | - | സി.ഡി.ജോസഫ്, സെക്രട്ടറി. |
| | - | - | 1689 | - | എം.എം. അന്ത്രു, അസി.സെക്രട്ടറി. |
| | 1858 | - | 1858 | - | സി.ഡി.ജോസഫ്, സെക്രട്ടറി. |
| 3-1 | - | - | - | 10,000 | ഡേവിഡ് കെ.എ, വി ഇ ഒ – നേര്യമംഗലം. |
| **ആകെ** | **3373** | **-** | **5062** | **10,000** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | വർഷം | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | 2013-14 | 2014-15 | |
| | തുക | തുക | |
| 3-1 | | 20,000 | ഷിജോ തങ്കപ്പൻ, വി. ഇ. ഒ. കവളങ്ങാട് |
| 3-3 | 8,400 | | സി.ഡി.ജോസഫ്,സെക്രട്ടറി |
| 3-6 | 17,300 | - | സി.ഡി.ജോസഫ്,സെക്രട്ടറി |
| | 1,51,235 | - | ശ്രീമതി കെ. പി. ഷൈലജ,അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **1,76,935** | **20,000** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.ഡി.ജോസഫ്,സെക്രട്ടറി. | വിരമിച്ചു. | ചിറയ്ക്കൽ വീട്, എം.എ.കോളേജ് പി. ഒ., കോതമംഗലം. |
| എം.എം. അന്ത്രു,അസി.സെക്രട്ടറി. | അസി.സെക്രട്ടറി,നെല്ലിക്കുഴി. | മണലോടി പുത്തൻപുര, പുതുപ്പാടി പി.ഒ., മൂവാറ്റുപുഴ. |
| ഡേവിഡ് കെ.എ., വി. ഇ.ഒ. – നേര്യമംഗലം. | വി. ഇ. ഒ. – നേര്യമംഗലം. | കുട്ടക്കല്ലേൽ വീട്, നെല്ലിമറ്റം പി.ഒ. ഊന്നുകല്ല്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|

| | |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| 1997-98 മുതൽ 2000-01വരെ | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2001-02 | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ 2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2013-14

കെ.എസ്.എ.ഇകെ എം (പി7)972/16

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:22/06/2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.LFAEKM (P7) 972/2016

Kerala State Audit Department,

District Audit Office, Ernakulam,
0484 2422271, lfadekm@gmail.com
Date:22/06/2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kavalangad Grama panchayat in Ernakulam district for the year ended on 31.3.2014 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kavalangad Grama panchayat for the year 2013-14 except the observations in my audit report properly presents the picture of income and expenditure.

Deputy Director

# അനുബന്ധം - 2

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2014-15

കെ.എസ്.എ.ഇ കെ എം (പി7)962/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:22/06/2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.LFAEKM (P7) 972/2016

Kerala State Audit Department,

District Audit Office, Ernakulam,

0484 2422271, lfadekm@gmail.com

Date:22/06/2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kavalangad Grama panchayat in Ernakulam district for the year ended on 31.3.2015 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kavalangad Grama panchayat for the year 2014-15 except the observations in my audit report properly presents the picture of income and expenditure.

Deputy Director